പ്രസ്തുത പദ്ധതികളുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 2001-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപടികൾ എടുക്കുന്നതാണ്. റിപ്പോർട്ടുകൾ തയ്യാറായശേഷം ഫണ്ട് ലഭിക്കുന്നതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ

29(232) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ, വേങ്കോട്, കൂളിമുട്ടം തുടങ്ങിയ ഭാഗങ്ങളിലെ കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊടുങ്ങല്ലൂർ, വേങ്കോട്, കൂളിമുട്ടം തുടങ്ങിയ ഭാഗങ്ങളിൽ കാലവർഷത്തോടനുബന്ധിച്ചുണ്ടായ കടലാക്രമണമൂലം നിലവിലുള്ള കടൽഭിത്തികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കൂടുതൽ നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിലേക്കായി പ്രസ്തുത പ്രദേശങ്ങളിലെ കടൽഭിത്തികൾ അറ്റകുറ്റപ്പണികൾ ചെയ്തു സംരക്ഷിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അടിയന്തിര പ്രാധാന്യമുള്ള മൂന്ന് പുനഃരുദ്ധാരണപണികൾക്ക് ടെൻഡർ വിളിച്ചിട്ടുണ്ട്. ബാക്കി പ്രദേശങ്ങളിലെ കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ ഏറ്റെടുത്ത് നടത്തുന്നതാണ്.

കസീസാപാലത്തിന്റെ പണി

30(233) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരത്തിൽ കരിപ്പുഴ കനാലിന് കുറുകെയുള്ള കണീസാപ്പാലം അപകടസ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കായംകുളം എം.എൽ.എ നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പാലം പുതുക്കി പണിയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly